കോഴിക്കോട് ജില്ലയിലെ യാത്രാക്ലേശം

69 (1268) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ല ആർ.ടി.എ. ഇപ്പോൾ എത്ര ബസ്സുകൾക്ക് റൂട്ട് പെർമിറ്റ് അനുവദിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) ഇതിൽ സ്ഥിരം പെർമിറ്റ് എത്ര ; താൽക്കാലിക പെർമിറ്റ് എത്ര ;

(സി) പഴയ ബസ്സുകൾ സർവ്വീസ് നടത്താൻ പാടില്ല എന്ന തീരുമാനം കൈക്കൊണ്ടതുകൊണ്ട് വളരെക്കാലമായി ബസ്സുകൾ ഓടിയിരുന്ന റൂട്ടിൽ ഇപ്പോൾ ബസ്സുകൾ ഇല്ലാത്തതുമൂലം യാത്രക്കാർ ബുദ്ധിമുട്ട് അനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) 1-1-2003 മുതൽ 23-6-2003 വരെ 192 പെർമിറ്റുകൾ നൽകിയിട്ടുണ്ട്.

(ബി) 1-1-2003 മുതൽ 23-6-2003 വരെ 89 സ്ഥിരം പെർമിറ്റുകളും, 103 താൽക്കാലിക പെർമിറ്റുകളും അനുവദിച്ചിട്ടുണ്ട്.

(സി) ഇല്ല.

കോഴിക്കോട്ടേയ്ക്ക് പുതിയ സർവ്വീസുകൾ ആരംഭിക്കുവാൻ നടപടി

70 (1269) ശ്രീ. യു. സി. രാമൻ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. ടി. പി. എം. സാഹിർ :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. പി. കെ. ക. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.ക്ക് പുതിയ ബസ്സുകൾ വാങ്ങുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ ;

(ബി) തിരുവനന്തപുരത്തുനിന്നും കോഴിക്കോട്ടേയ്ക്ക് ദിവസം എത്ര വോൾവോ ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട് ;

(സി) ഇതുകൊണ്ട് കോഴിക്കോട്ടേക്കുള്ള യാത്രാക്ലേശം പരിഹരിക്കുവാൻ കഴിഞ്ഞിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഈ കാരണത്താൽ ജനങ്ങൾ സ്വകാര്യ ബസ്സുകളെ ആശ്രയിക്കേണ്ടി വരുന്നതായി ഗവൺമെന്റിന് ബോദ്ധ്യമായിട്ടുണ്ടോ ;

(ഇ) ആയത് പരിഹരിക്കുവാൻ തിരുവനന്തപുരത്തുനിന്നും കോഴിക്കോട്ടേയ്ക്ക് കൂടുതൽ കെ.എസ്.ആർ.ടി.സി. ബസ്സുകൾ അനുവദിക്കുന്ന കാര്യം ആലോചിക്കുമോ ;

(എഫ്) എങ്കിൽ, എന്നത്തേയ്ക്ക് കൂടുതൽ പുതിയ ബസ്സ് സർവ്വീസുകൾ ആരംഭിക്കും ;

LIBRARY ARCHIVES Kerala Legislative Assembly